**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2619** **07-07-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായി എന്നതിന്റെ വിശദവിവരം നൽകുമോ; | (എ) | സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും, ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ തയ്യാറാക്കിയ Request for Proposal (RFP) സർക്കാർ അംഗീകരിക്കുകയും, സർക്കാരിന്റെ നിർദ്ദേശാനുസരണം RFP പ്രകാരമുള്ള ടെണ്ടർ 23.01.2021ന് ഇ-ടെണ്ടർ websiteൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ടെണ്ടറിൽ ആരും തന്നെ പങ്കെടുക്കാത്തതിനാൽ റീടെണ്ടറിങ്ങിനുള്ള നടപടികൾ സ്വീകരിച്ചു. RFPയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ RFP പ്രകാരമുള്ള ടെണ്ടർ 18.12.2021ന് e-tender websiteൽ പ്രസിദ്ധീകരിച്ചു.<br><br>12.05.2022ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br><br>നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾകൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ ഓഡിറ്റ് ജോലികൾ നിർവ്വഹിക്കുന്നതിന് സഹകരണ ഓഡിറ്റ് | (ബി) | നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവീസിലെ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | | ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവീസിലെ ശ്രീമതി. ഷെറിൻ. എം. എസ് -നെ 3 വർഷകാലയളവിലേയ്ക്ക് സഹകരണ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിട്ടുള്ളതും ടിയാൾ 01.02.2022-ൽ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ